**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2479.** **09.03.2018 ൽ മറുപടിയ്ക്ക്**

## മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരള സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും, നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും, പരമാവധി കുറച്ച് മദ്യ വർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് സർക്കാരിന്റെ മദ്യ നയം എത്ര മാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ; | (എ) | മദ്യ നിരോധനമല്ല, മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയതായി വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ ഒന്നും ആരംഭിച്ചിട്ടില്ല. ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്ക്കരണ പ്രവർത്തന ങ്ങൾ നടത്തി വരുന്നു. ലഹരിയ്ക്കെതിരെ 'കായികലഹരി' എന്ന സന്ദേശം ഉയർത്തിപിടിച്ചു കൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിമുക്തിമിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് കേരളത്തിലെ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ടോൾഫ്രീ നമ്പറിലുള്ള ടെലിഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാക്കുന്ന തരത്തിൽ 2 കൗൺസിലിംഗ് സെൻററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെൻറർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലും ആയിരിക്കും. ഇതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള |

| | | | |
|---|---|---|---|
| | | | ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 'കായികലഹരി' പ്രവർത്തനങ്ങളുടെ ഭാഗമായി പത്തൊൻപത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾ തല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി മാസത്തിൽ പതിനാല് ജില്ലകളിലുമായി ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിക്കുകയും ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ വച്ച് 2018 ജനുവരി 29-ാം തീയതി സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. മാർച്ച് മാസത്തിൽ കേരളത്തിലെ മികച്ച വോളിബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ വച്ച് സംസ്ഥാന തലത്തിലും വോളിബോൾ മത്സരം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കുന്നതിന് കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | മദ്യവർജ്ജന പ്രവർത്തനങ്ങൾ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുന്നതല്ല. ലഹരിയ്ക്ക് അടിമപ്പെട്ടവരെ കൗൺസിംഗിലൂടെയും, ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുന്നതിനായി ലഹരി മോചന ചികിത്സാ സെൻററുകൾ സ്ഥാപിച്ചും, ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ കൂടിയും ഘട്ടംഘട്ടമായി മാത്രമെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരിവിമുക്തമാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായ പരിധി 21 ൽ നിന്നും 23 ആക്കിയതിലൂടെ യുവാക്കളുടെ മദ്യഉപയോഗത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | യുവാക്കളുടെ മദ്യ ഉപയോഗത്തിൽ കുറവുണ്ടായതായി പൊതുവിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. 2016 ജൂലൈ മാസത്തെയും, 2017 ജൂലൈ മാസത്തെയും വില്പന താരതമ്യം ചെയ്യുപ്പോൾ വിദേശ മദ്യത്തിന്റെ വില്പനയിൽ 3%ത്തിന്റെയും, ബിയറിന്റെ വില്പനയിൽ 20%ത്തിന്റെയും കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | ടോഡി ബോർഡ് രൂപീകരണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ? | (ഡി) | ടോഡി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കരട് ചട്ടത്തെയും ഘടനയെയും |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ച നടത്തിയിട്ടുള്ളതും വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**